**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ. ജി. ടി. ഇ. ടൈപ്പ്റൈറ്റിഗ് പരീക്ഷാ നോട്ടിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2025 ൽ നടത്തേണ്ട കെ. ജി. ടി. ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ നോട്ടിഫിക്കേഷൻ എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ; | (എ) | 16.01.2025 ലെ സ.ഉ.(സാധാ) നം. 82/2025/ ഉ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.02.2025 ൽ ഇ.എക്സ്/എച്ച്6/4902/2025/ സി.ജി.ഇ നമ്പർ പ്രകാരം കെ.ജി.റ്റി.ഇ (കൊമേഴ്സ് ഗ്രൂപ്പ്) പരീക്ഷയുടെ വിജ്ഞാപനം പരീക്ഷാ ഭവൻ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരീക്ഷാ നടത്തിപ്പിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | 16.01.2025 ലെ സ.ഉ.(സാധാ) നം. 82/2025/ ഉ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.02.2025 ൽ ഇ.എക്സ്/എച്ച്6/4902/2025/ സി.ജി.ഇ നമ്പർ പ്രകാരം കെ.ജി.റ്റി.ഇ (കൊമേഴ്സ് ഗ്രൂപ്പ്) പരീക്ഷയുടെ വിജ്ഞാപനം പരീക്ഷാ ഭവൻ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എല്ലാവർഷം രണ്ട് പരീക്ഷകൾ വീതം യഥാസമയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | 16.01.2025 ലെ സ.ഉ.(സാധാ) നം.82/2025/ ഉ.വി.വ പ്രകാരം KGTE കോഴ്സിന്റെ 2024-25 അധ്യയന വർഷത്തെ രണ്ടാം ഘട്ട പരീക്ഷയും 2025-26 അധ്യയന വർഷത്തെ ആദ്യ ഘട്ട പരീക്ഷയും (അതായത് തുടർന്ന് നടത്തുന്ന 2 പരീക്ഷകൾ) പഴയ സിലബസിൽ നിലവിൽ തുടർന്നു വരുന്ന രീതിയിൽ നടത്തുന്നതിന് പരീക്ഷാഭവന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്നു വരുന്ന 2 പരീക്ഷകൾ സമയ ബന്ധിതമായി പരീക്ഷാഭവൻ നടത്തുന്നതാണ്. |
| (ഡി) | കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ ചോദ്യപേപ്പർ പരീക്ഷ കഴിഞ്ഞയുടൻ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഡി) | സെർവ്വറിന്റെ കപ്പാസിറ്റി കുറവ് മൂലം നിലവിൽ KGTE പരീക്ഷയുടെ ചോദ്യപേപ്പറുകൾ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്. |
| (ഇ) | സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുന്നതിനുള്ള വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയ്ക്ക് | (ഇ) | 2025 വർഷത്തെ വിജ്ഞാപനം മുതൽ കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ |

| | | | |
|---|---|---|---|
| | അപേക്ഷിക്കുമ്പോൾ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | | സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചാൽ മതിയാകും. |
| (എഫ്) | കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷ നിർത്തലാക്കുന്നതിന് ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (എഫ്) | ഇല്ല. |

സെക്ഷൻ ഓഫീസർ